# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ .614

11.07.2012-ൽ മറുപടിക്ക്

## യന്ത്രവൽകൃത ബോട്ടുകൾക്ക് മണ്ണെണ്ണ വിതരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)<br>പ്രൊഫ. സി.രവീന്ദ്രനാഥ്<br>ശ്രീ.കെ. ദാസൻ<br>,, ബി.ഡി. ദേവസ്സി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പതിനെട്ടായിരത്തോളം വരുന്ന യന്ത്രവൽകൃതബോട്ടുകൾ സംസ്ഥാന തീരത്ത് പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്നുണ്ടെന്ന കാര്യം അറിയാമോ; | (എ) | അറിയാം. ഇതുവരെയായി 21366 യന്ത്രവൽകൃത യാനങ്ങൾ ഫിഷറീസ് വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾക്ക് പ്രതിവർഷം ആവശ്യമായ മണ്ണെണ്ണയുടെ അളവ് എത്രയാണെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഇവർ മണ്ണെണ്ണയ്ക്കായി കരിഞ്ചന്തയെ ആശ്രയിക്കേണ്ടി വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. പ്രതിവർഷം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുന്നതിനായി 1,56,756 കി.ലോ ലിറ്റർ മണ്ണെണ്ണ ആവശ്യമായി വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. പരമ്പരാഗത മത്സ്യബന്ധന തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തിരം ലഭ്യമാക്കുന്ന പെർമിറ്റ് മണ്ണെണ്ണ മൂന്നോ, നാലോ ദിവസത്തേയ്ക്ക് മാത്രമേ തികയുകയുള്ളൂ. ആയതിനാൽ മത്സ്യത്തൊഴിലാളികൾ അമിതവില നൽകി പുറമെ നിന്ന് മണ്ണെണ്ണ ലഭ്യമാക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. |
| (സി) | യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ച് പരമ്പരാഗതമായി മത്സ്യബന്ധനം നടത്തുന്നവർക്ക് പ്രത്യേകമായി മണ്ണെണ്ണ നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | സബ്സിഡി നിരക്കിൽ ആവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ